# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1253 — 12.03.15 ൽ - മറുപടിക്ക്

## കൊല്ലം ജില്ലയിലെ റേഷൻകാർഡുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | കൊല്ലം ജില്ലയിലെ വിവിധ താലൂക്ക് സപ്ലൈ ഓഫീസുകളുടെ പരിധിയിൽ നിലവിൽ ആകെ എത്ര റേഷൻ കാർഡുകളാണ് ഉളളത് ; | (എ) 7,14,097 കാർഡുകൾ |
| (ബി) | നാളിതുവരെ പുതിയ റേഷൻ കാർഡിനായി എത്ര പേർ ഫോട്ടോ എടുക്കുകയും അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട് ; | (ബി) 5.3.2015 വരെ 6,61,150 കാർഡുടമകളുടെ ഫോട്ടോ എടുത്തിട്ടുണ്ട്. |
| (സി) | ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് അപേക്ഷ നൽകി ഫോട്ടോ എടുക്കുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; | (സി) 31.3.2015-ന് ഫോട്ടോ ക്യാമ്പുകൾ അവസാനിച്ചതിന് ശേഷം ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ഫോട്ടോ എടുക്കാൻ നടപടികൾ സ്വീകരിക്കും. |
| (ഡി) | സ്വീകരിച്ച അപേക്ഷകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ; എങ്കിൽ ആയത് എങ്ങനെ സാദ്ധ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) കാർഡുടമകളിൽ നിന്നും ശേഖരിച്ചിട്ടുളള പൂരിപ്പിച്ച അപേക്ഷാ ഫാറം ഡാറ്റാ എൻട്രിയ്ക്കു ശേഷം പരിശോധിക്കുകയും, കരട് മുൻഗണനാ പട്ടിക പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുകയും ചെയ്യും. ഈ കരട് പട്ടിക സോഷ്യൽ ആഡിറ്റിന് വിധേയമായി, പരാതികൾ പരിഹരിച്ച ശേഷം, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച് നൽകുന്ന പട്ടികയുടെ അടിസ്ഥാനത്തിലാണ് മുൻഗണനാ കാർഡുകൾ നൽകുന്നത്. |
| (ഇ) | അപേക്ഷകർ നൽകിയിട്ടുളള വിവരങ്ങൾ മാത്രം ആധാരമാക്കി പുതിയ റേഷൻ കാർഡ് വിതരണം ചെയ്താൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുമെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഇ) സോഷ്യൽ ആഡിറ്റിംഗിൽ കൂടി മുൻഗണനാ പട്ടിക കുറ്റമറ്റതാക്കുവാൻ കഴിയും. |
| (എഫ്) | പുതിയ കാർഡ് അനുവദിക്കുമ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുന്നവരുടെ പേരുവിവരം പ്രാദേശികമായി പരസ്യപ്പെടുത്തുവാൻ തയ്യാറാകുമോ? | (എഫ്) മുൻഗണനാ വിഭാഗത്തിന്റെ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ